ഇതുപോലുള്ള കാര്യങ്ങൾ കേന്ദ്രത്തിനു കൊടുക്കുകയും നമ്മുടെ എം.പി.-മാരോട് ഫോളോ അപ് ചെയ്യാൻ പറയുകയുമാണ് ചെയ്യാറുള്ളത്. പക്ഷേ ഞാൻ ഇപ്പോൾ ഈ ഒരു പ്രശ്നം ഇവിടെ വന്ന സമയത്ത് ഇന്നാണ് നമ്മൾ അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്. എല്ലാ കൊല്ലവും സ്വീകരിക്കുന്ന പൊതുവായ ഒരു മാനദണ്ഡമുണ്ട്. അത് മൂന്നായിട്ടാണ് കൊടുക്കുന്നത്. എക്സിം പോളിസിയെ സംബന്ധിച്ചുള്ള നമ്മുടെ ആവശ്യങ്ങൾ, റെയിൽവേയിൽ നമുക്കുള്ള ആവശ്യങ്ങൾ അത് തയ്യാറാക്കി ഇന്ന് ക്യാബിനറ്റിൽ ചർച്ച ചെയ്യും. ആ സമയത്ത് അങ്ങേയ്ക്ക് എന്തെങ്കിലും നിർദ്ദേശം ഉണ്ടെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും മെമ്പർമാർക്ക് എന്തെങ്കിലും നിർദ്ദേശം ഉണ്ടെങ്കിൽ അത് കേൾക്കാൻ തയ്യാറാണ്. സംസ്ഥാനത്തിന് പ്രയോജനം ചെയ്യുമെങ്കിൽ അത് ഉൾപ്പെടുത്തുമെന്നു പറയാൻവേണ്ടി പറഞ്ഞതാണ്. അതിനകത്ത് എന്തെങ്കിലും അപാകത വന്നിട്ടുണ്ടെങ്കിൽ അങ്ങ് ക്ഷമിക്കുക.

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. എം. എം. ഹസ്സൻ]

V. സബ്മിഷൻ

(1) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിൽ കാട്ടാന ശല്യം

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ദേലംപാടി പഞ്ചായത്ത് അറുപത് ശതമാനത്തോളം നിബിഢ വനങ്ങളുള്ള പഞ്ചായത്താണ്. ഇരുപതിനായിരത്തോളം ജനങ്ങൾ താമസിക്കുന്ന അതിവിസ്തൃത മായ പഞ്ചായത്തുമാണ്. കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട മണ്ടക്കോൽ, പാണ്ടി ബീറ്റുകളിൽപ്പെട്ട ചാമക്കൊച്ചി, ചാപ്പക്കല്ല്, വെള്ളച്ചേരി, കയ്യേന്നി, മണ്ടേൽപ്പെട്ടി എന്നീ സ്ഥലങ്ങളിൽ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ വലിയ തോതിൽ കാട്ടാനകളുടെ ഉപദ്രവമുണ്ടായി. നൂറുകണക്കിന് തെങ്ങും കവുങ്ങും റബ്ബറും വാഴയും നെൽകൃഷി യുമെല്ലാം നശിപ്പിക്കപ്പെട്ടു. ഭീകരമായ ആക്രമണമാണ് കാട്ടാനകൂട്ടം നടത്തിയത്. ഇതിനുമുമ്പും ആനകളുടെ ഉപദ്രവമുണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ പരാതി പ്പെടുകയും ആനയുണ്ടാക്കിയ നാശനഷ്ടങ്ങൾക്ക് അത്യാവശ്യം നഷ്ടപരിഹാരം ലഭിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടായിരുന്നു. അപ്പോഴൊക്കെ ആന ഒറ്റയാനായി വന്നുവെങ്കിൽ ഇപ്പോൾ അഞ്ച് ആനകളാണ് കൂട്ടമായിവന്ന് ഈ ആക്രമണത്തിന് തുനിഞ്ഞത്. അതിൽ രണ്ടെണ്ണം ചെറിയ കുട്ടികളാണ്. ഒന്നു രണ്ടാഴ്ച ഈ പ്രദേശങ്ങളിലാകെ കറങ്ങി നടന്ന് വല്ലാത്ത ഭീതി ഉണ്ടാക്കുന്ന ഒരു അവസ്ഥയാണ് കാട്ടാനകൂട്ടം ഉണ്ടാക്കിയിട്ടുള്ളത്. കർണ്ണാടകയോട് ചേർന്ന് കിടക്കുന്ന അതിവിസ്തൃത മായ വനമേഖലകളിൽ നിന്നാണ് ഇവ വന്നുകൊണ്ടിരിക്കുന്നത്. ആനക്കൂട്ടത്തിന്റെ ആക്രമണം ആ പ്രദേശത്ത് വലിയ പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. അവിടെ ഇത് സ്ഥിരമായി തടയാനുള്ള എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയില്ലെങ്കിൽ ആളുകൾക്ക് വലിയ ബുദ്ധിമുട്ടാണ്. ഒരു മാസത്തോളം സ്കൂളുകൾ പൂട്ടി കിടന്നു. വനാന്തർഭാഗത്ത് റോഡ് ഇല്ല. അതിലൂടെ വഴിയാത്രക്കാരും കുട്ടികളും സ്കൂളിലും മറ്റ് സ്ഥാപനങ്ങ ളിലും പോകാൻ മടിക്കുന്നു. അങ്ങനെ ഒരു മാസത്തോളം വല്ലാത്ത പ്രശ്നമാണ് അവിടെ ഉണ്ടായിട്ടുള്ളത്. അത്. യഥാവസരം മന്ത്രിയുടേയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എങ്കിലും അത് ശാശ്വതമായി തടയാനുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം ഇനിയും ഉണ്ടാക്കിയിട്ടില്ല. ഫെൻസിംഗും ട്രെഞ്ചും ഉൾപ്പെടെയുള്ള പ്രതിരോധ സംവിധാനങ്ങളുണ്ടാക്കി ആ പ്രശ്നം ശാശ്വതമായി പരിഹരിക്കാനാവശ്യമായ സഹായം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ലായെങ്കിൽ ആ പഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസമായിരിക്കും. അതുകൊണ്ട് അടിയന്തിരമായി ആനശല്യം ശാശ്വതമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ): സർ, ദേലംപാടി പഞ്ചായത്തിലെ റിസർവ് വനത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ കാട്ടാനകളുടെ ശല്യംമൂലം കൃഷിനാശം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണ്ടക്കോൽ റിസർവിനോട് ചേർന്ന് കിടക്കുന്നതും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളതുമായ കൃഷി സ്ഥലങ്ങൾ വന്യജീവികളുടെ ആക്രമണ ഭീഷണിയുള്ളതാണ്. വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലങ്ങളിൽ ക്യാമ്പ് ചെയ്ത് താൽക്കാലിക പരിഹാരമെന്ന നിലയിൽ കാട്ടാനകളെ പടക്കംപൊട്ടിച്ചും മറ്റും വനമേഖലകളിലേക്ക് തിരിച്ച് കടത്തിവിടാറുണ്ട്. വനാതിർത്തിയിൽ ഏകദേശം പത്ത് കിലോമീറ്റർ വൈദ്യുത കമ്പിവേലികൾ നിർമ്മിക്കുക എന്നുള്ളതാണ് ഇതിനുള്ള ശാശ്വത പരിഹാരം. ഇതിലേയ്ക്കായി ഉദ്ദേശം ആറുലക്ഷം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതിൽ നാല് ലക്ഷം രൂപ പ്രസ്തുത ജോലികൾക്കായി കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വിളനാശം സംഭവിച്ച കർഷകർക്ക് നിലവിലുള്ള വ്യവസ്ഥ പ്രകാരം നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നുണ്ട്. 2003-2004 സാമ്പത്തിക വർഷം ഈ പ്രദേശത്ത് ഇപ്രകാരമുള്ള ആറ് കർഷകർക്ക് നഷ്ടപരിഹാരമായി 12,847 രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇവിടെനിന്നും ലഭിച്ചിട്ടുള്ള പതിമൂന്ന് അപേക്ഷകളിന്മേൽ 31,205 രൂപയുടെ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(2) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള വിത്ത് നിയമം പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.പി. മുഹമ്മദ്: സർ, ഇൻഡ്യൻ പാർലമെന്റിന്റെ പരിഗണനയിലുള്ള വിത്ത് നിയമം നമ്മുടെ കാർഷിക രംഗത്ത് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കാൻ പോവുകയാണ്. ഒരു സബ്മിഷൻ ആയതുകൊണ്ട് ഞാൻ ദീർഘമായി വിവരിക്കുന്നില്ല. ഇത് ഗ്രാമീണ സമ്പദ്വ്യവസ്ഥയെ തന്നെ നശിപ്പിക്കുമെന്നും നാണ്യവിളകളുടെ നാശം ഉണ്ടാക്കുമെന്നും ഭയപ്പെടണം. സമ്പന്നമായ ജൈവവൈവിദ്ധ്യത്തെ ഇത് തകരാറിലാക്കും. വിത്ത് ഉൽപ്പാദിപ്പിക്കുന്നതും സംഭരിക്കുന്നതും കൈമാറ്റം ചെയ്യുന്നതും തടയുന്ന വകുപ്പ് ഈ ബില്ലിലുണ്ട് എന്നാണ് പറയുന്നത്. സ്വന്തം സ്ഥലത്ത് എന്ത് കൃഷി ചെയ്യണമെന്നുള്ള കൃഷിക്കാരന്റെ മൗലികാവകാശത്തിനു നേരെയുള്ള ഒരു കയ്യേറ്റമാണ് ഈ നിയമം. അത്യുൽപ്പാദനശേഷിയുള്ള വിത്ത് കൃഷിക്കാർക്ക് നൽകുന്നത് മനസ്സിലാക്കാം. എന്നാൽ നിശ്ചിത സ്ഥലത്ത് നിശ്ചിത വിളയേ ഇറക്കാവൂ എന്ന് ശഠിക്കുന്നത് മനുഷ്യാവകാശ ലംഘനമായി കരുതണം. ജനിതക കവർച്ചയ്ക്ക് പോലും ഒരു പക്ഷെ ഈ നിയമം കാരണമാകും. ഇൻഡ്യയിൽ രണ്ടുലക്ഷം വിത്തുകളുണ്ട്. അതിൽ 90 ശതമാനവും ഇല്ലാതാകും. നമ്മുടെ വിത്ത് പാരമ്പര്യത്തിൽ നിന്ന് വന്നതാണ് ഏതെങ്കിലും ഒരു വ്യക്തിയുടെ സ്വന്തമായുള്ളതല്ല. അതുകൊണ്ട് കൃഷിക്കാരൻ വിത്ത് രജിസ്റ്റർ ചെയ്യണമെന്ന നിയമം തന്നെ ബാലിശമാണ്. അതുകൊണ്ട് ഇക്കാര്യം പുനഃപരിശോധിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly